"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 63/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1883/2024/LSGD തീയതി, തിരുവനന്തപുരം, 09-10-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ. 63/2009 നമ്പർ കേസിന്മേലുള്ള 17/12/2011 തീയതിയിലെ വിധിന്യായം.
2. സ. ഉ.(പി)നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം അഡീഷണൽ (എൽ.എ.) തഹസിൽദാരുടെ 18/06/2024 തീയതിയിലെ എ3/1451/09 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 02/07/2024 തീയതിയിലെ എ3/3267/2012/ടിഡി നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 63/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 805/2-1-ൽപ്പെട്ടതും ശ്രീ. കേശവൻ പോറ്റി, ശ്രീ. നാരായണൻ പോറ്റി,

ശ്രീ. വേണുഗോപാലൻ പോറ്റി എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.87 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 63/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 11,976/- രൂപ (പതിനൊന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയാറ് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികളായ ശ്രീ. കേശവൻ പോറ്റി, ശ്രീ. നാരായണൻ പോറ്റി, ശ്രീ. വേണുഗോപാലൻ പോറ്റി എന്നിവർക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി. തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. കേശവൻ പോറ്റി, ശ്രീകാര്യത്തു മഠം, ശ്രീകണ്ഠേശ്വരം, ഫോർട്ട്, തിരുവനന്തപുരം (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന.

ശ്രീ. നാരായണൻ പോറ്റി, കുര്യാടത്ത് മഠം, നഗരൂർ പി.ഒ., കിളിമാനൂർ (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന.

ശ്രീ. വേണുഗോപാലൻ പോറ്റി, കുര്യാടത്ത് മഠം, നഗരൂർ പി.ഒ., കിളിമാനൂർ (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).

ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/263/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 10-10-2024 10:40:53

സെക്ഷൻ ഓഫീസർ